**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പഞ്ചായത്ത് ദിനാഘോഷം 2013 - എക്സിബിഷനിൽ വികസനമാതൃകകൾ പ്രദർശിപ്പിക്കുന്നതിനുള്ള യഥേഷ്ടാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

=================================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (സാധാ) നം. **1082/2013**/തസ്വഭവ — തിരുവനന്തപുരം, തീയതി, **20.04.2013**

=================================================================

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 30.03.2013-ലെ ജി2-2700/13 നമ്പർ കത്ത്

**ഉത്തരവ്**

2013 ഏപ്രിൽ 23, 24 തിയതികളിൽ കോഴിക്കോട് വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന എക്സിബിഷനിൽ വികസന മാതൃകകൾ പ്രദർശിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും 20,000/- (ഇരുപതിനായിരം) രൂപ വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. 2013 ഏപ്രിൽ 23, 24 തിയതികളിൽ കോഴിക്കോട് വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന എക്സിബിഷനിൽ മികച്ച വികസന മാതൃകകൾ പ്രദർശിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നും 20,000/- (ഇരുപതിനായിരം) രൂപ വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം. ഷാഹുൽ ഹമീദ്**
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ